ശ്രീ. എം. എസ്. വാര്യരുടെ സീനിയോറിറ്റി

1846 [2882] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലനല്ലൂർ ഗവൺമെൻറ് ഹൈസ്കൂളിൽ ഹെഡ് മാസ്റ്ററായ ശ്രീ. എം. എസ്. വാര്യർ 31-10-1985-ന് തന്റെ സീനിയോറിറ്റി സംബന്ധിച്ച് ഡി.പി.ഐ.-യുടെ തീരുമാനത്തിനെതിരായി ജനറൽ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. വാര്യരുടെ അപ്പീലിൻമേൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം?

ഉത്തരം

(എ, ബി, സി) അലനല്ലൂർ ഗവൺമെൻറ് ഹൈസ്കൂളിൽ ശ്രീ. എം. എസ്. വാര്യർ എന്ന ഒരു അദ്ധ്യാപകൻ ഹെഡ്മാസ്റ്ററായി ജോലിനോക്കിയിട്ടില്ല. എന്നാൽ ശ്രീ. എം.വി. ശൂലപാണി വാര്യർ എന്ന ഒരു മലയാളം ഹൈസ്കൂൾ അദ്ധ്യാപകൻ ജോലിനോക്കിയിരുന്നു. അദ്ദേഹത്തിന്റെ സീനിയോറിറ്റി സംബന്ധിച്ച് ഡി.പി.ഐ.-യുടെ തീരുമാനത്തിനെതിരായി 31-10-1985-ൽ ഒരു ഹർജി സർക്കാരിനു സമർപ്പിക്കുകയും സർക്കാർ ടി ഹർജി റിപ്പോർട്ടിനുവേണ്ടി ഡി.പി.ഐ. ഓഫീസിലേക്ക് അയക്കുകയും ഉണ്ടായി 12-11-1985-ൽ ഇതിൻമേൽ ലഭിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ശ്രീ. ശൂലപാണി വാര്യർ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

സി. ടി. പ്രദീപിന്റെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം

1847 [2883] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി എ. ഇ. ഒ. ഓഫീസിൽ ക്ലറിക്കൽ അറ്റൻറർമാരായി ജോലിനോക്കിക്കൊണ്ടിരിക്കെ മരണപ്പെട്ട ശ്രീ. അശോകന്റെ മകൻ സി. ടി. പ്രദീപ് (തൈക്കണ്ടി വീട്, നെട്ടൂർ പി.ഒ., തലശ്ശേരി) സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്കു ജോലി നൽകുന്ന പദ്ധതിപ്രകാരം ജോലി ലഭിക്കാൻ വിദ്യാഭ്യാസ വകുപ്പിനു അയച്ച അപേക്ഷയിൻമേൽ തീരുമാനം ആയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തീരുമാനമാകാനുള്ള കാലതാമസം എന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിദ്യാഭ്യാസ ഡയറക്ടറുടെയും ബന്ധപ്പെട്ട ജില്ലാ കളക്ടറുടെയും റിപ്പോർട്ടുകൾ കിട്ടാത്തതാണ് തീരുമാനമെടുക്കാൻ കാലതാമസമായിട്ടുള്ള കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly